(ബി) ഇവ ഏതൊക്കെ ജില്ലകളിൽ എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ ഈ വർഷം കമ്മീഷൻ ചെയ്യാനാവുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൂവാറ്റുപുഴ, കാരാപ്പുഴ, ഇടമലയാർ, കുരിയാർകുട്ടി, കാരപ്പാറ, ബി. സി. ആർ. ചമ്രവട്ടം, ബി. സി. ആർ. തൃത്താല, ബാണാസുരസാഗർ അട്ടപ്പാടി, കല്ലട, കാഞ്ഞിരപ്പുഴ, പഴശ്ശി എന്നിവയാണ് കമ്മീഷൻ ചെയ്യാത്ത പദ്ധതികൾ.

(ബി) കൊല്ലം—1, എറണാകുളം—1, ഇടുക്കി—1, പാലക്കാട്—4, മലപ്പുറം—1, വയനാട്—2, കണ്ണൂർ—1.

(സി) ഈ വർഷം കമ്മീഷൻ ചെയ്യാൻ സാധിക്കുകയില്ല.

ജലസംഭരണികളിൽനിന്നും ജലം തുറന്ന് വിടുന്നതുകൊണ്ട് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ

102 [5360] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജലസംഭരണികളിൽ ജലസംഭരണ ശേഷി നഷ്ടപ്പെട്ടിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കാലവർഷമുണ്ടാകുമ്പോൾ ഈ സംഭരണികളിൽനിന്നും ജലം തുറന്നുവിടുന്നതുമൂലം ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഓരോ ജലസംഭരണി പ്രദേശത്തും എത്ര തുകയുടെ കൃഷിനാശവും മറ്റുനാശ നഷ്ടങ്ങളും ജീവാപായങ്ങളും ഉണ്ടായിട്ടുണ്ട്;

(സി) ഇത് സംബന്ധിച്ച് ഓരോ ജലസംഭരണി പ്രദേശവുംതിരിച്ച് വിശദാംശം വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരമുള്ള ജലസംഭരണി പ്രദേശങ്ങളിൽ കാലവർഷസമയത്തെ നാശനഷ്ടങ്ങൾ ഉണ്ടാകാതിരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; ഓരോ സംഭരണികളും തിരിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് ഏതെല്ലാം ജലസംഭരണികളിൽ ചോർച്ചയും ഷട്ടറുകൾക്ക് കേടുപാടുകളും ഉണ്ടെന്ന് അറിവായിട്ടുണ്ട്;

(എഫ്) ഈ അറ്റകുറ്റപ്പണികൾക്കായി നടപ്പു സർക്കാർ ഓരോവർഷവും എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ജല സംഭരണികൾ ഇനം തിരിച്ച് വിശദാംശം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) കാലവർഷ സമയങ്ങളിൽ ചില പ്രധാനപ്പെട്ട ജലസംഭരണികളിൽ ഷട്ടറുകൾ കേടാവുന്നതുമൂലം മറ്റു ചില ഷട്ടറുകൾ വഴി കൂടുതൽ ജലം തുറന്നുവിടുന്നതുമൂലവും കാർഷിക മേഖലയിൽ അധികം കൃഷിനാശം ഉണ്ടായിട്ടുള്ളത് സംബന്ധിച്ച് എന്തെങ്കിലും പഠനം സർക്കാർ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) അണക്കെട്ടുകളുടെ വൃഷ്ടിപ്രദേശത്തുനിന്നുള്ള മണ്ണൊലിപ്പുമൂലം ജലസംഭരണികളുടെ സംഭരണശേഷി കുറയുന്നു.

(ബി) ഡാം നിറഞ്ഞാൽ ബന്ധപ്പെട്ടവർക്ക് മുന്നറിയിപ്പ് നൽകിയ ശേഷമേ ഡാം തുറന്നുവിടുകയുള്ളൂ. ഇത്തരത്തിൽ ജലം തുറന്നുവിടുമ്പോൾ ആൾ നാശമോ കൃഷിനാശമോ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) നാശനഷ്ടങ്ങൾ ഒഴിവാക്കാൻ ഓരോ പദ്ധതി പ്രദേശത്തും കാലവർഷ സമയത്ത് ഷട്ടർ തുറന്നുവിടുന്ന വിവരം മുൻകൂട്ടി അറിയിക്കാറുണ്ട്. കൂടാതെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെയും പൊതുജനങ്ങളെയും അറിയിക്കാറുണ്ട്.

(ഇ) കുറ്റ്യാടി, കാഞ്ഞിരപ്പുഴ, ഭൂതത്താൻകെട്ട്, മണിയാർ, ചിമ്മിനി എന്നീ ജല സംഭരണികൾക്ക് നേരിയ ചോർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) പെരിയാർ ജലസേചന പദ്ധതി 10 ലക്ഷം രൂപ (2002), മുവാറ്റുപുഴ 4 ലക്ഷം രൂപ (2001), ചിമ്മിനി 14.84 ലക്ഷം രൂപ (2001), പഴശ്ശി 6.2 ലക്ഷം രൂപ (2002-03) കൂടാതെ കുറ്റ്യാടി പദ്ധതിക്ക് 7 ലക്ഷം രൂപയും കാഞ്ഞിരപ്പുഴ പദ്ധതിക്ക് 14 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

(ജി) പഠനം നടത്തിയിട്ടില്ല.

ഭാരതപ്പുഴയുടേയും കടലുണ്ടിപ്പുഴയുടേയും പോഷക നദികളെ ഉപയോഗപ്പെടുത്തി മലബാറിലെ കാർഷിക പുരോഗതി

103 [5364] ശ്രീ. കളത്തിൽ അബ്ദുള്ള:
„ കെ. കുട്ടി അഹമ്മദ്കുട്ടി:
„ ടി. പി. എം. സാഹിർ:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രമുഖ നദികളായ ഭാരതപ്പുഴ, കുന്തിപ്പുഴ, ശോകനാശിനിപ്പുഴ, കടലുണ്ടിപ്പുഴ, മുറിയകണ്ണിപ്പുഴ എന്നീ നദികളിലെ വിപുലമായ ജല സേചന സൗകര്യം ഉപയോഗപ്പെടുത്തി മലബാറിലെ കാർഷിക പുരോഗതിക്ക് നിറക്കൂട്ട് പകരുവാൻ ഗവൺമെന്റിന് പദ്ധതിയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly